**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3048

20.12.2012ൽ
മറുപടിയ്ക്ക്

**ആലപ്പുഴ ജില്ലയിലെ നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോമസ് ചാണ്ടി : | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| എ) | ആലപ്പുഴ ജില്ലയിലെ എത്ര കർഷകർക്ക് നെല്ല് സംഭരിച്ചതിന്റെ തുക ഇനിയും നൽകുവാനുണ്ടെന്ന് വിശദമാക്കുമോ ; | എ) | ആലപ്പുഴ ജില്ലയിൽ 2011-12 ഒന്നും രണ്ടും സീസണിൽ നെല്ലിന്റെ വിലയിനത്തിൽ കർഷകർക്ക് ഒന്നും കൊടുക്കാനില്ല. എന്നാൽ 2012-2013 ഒന്നാം സീസണിൽ 8300 കർഷകർക്കായി 46,58,94,707/- രൂപ നെല്ല് സംഭരിച്ചയിനത്തിൽ നൽകാനുണ്ട്. |
| ബി) | 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ നെല്ല് സംഭരിക്കുന്നതിന് കേന്ദ്ര സർക്കാർ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ; | ബി) | 2011-2012 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിൽ നിന്ന് 398.44 കോടി രൂപയും 2012-2013 സാമ്പത്തിക വർഷത്തിൽ 359.27 കോടി രൂപയും കേന്ദ്ര സർക്കാരിൽ നിന്ന് സബ്സിഡി ഇനത്തിൽ ലഭിച്ചിട്ടുണ്ട്. |
| സി) | നെൽകർഷകർക്ക് നൽകാനുള്ള കുടിശ്ശിക തുക കൊടുത്തു തീർക്കുന്നതിന് ഒരു റിവോൾവിംഗ് ഫണ്ട് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | സി) | ഇപ്പോൾ പരിഗണനയിലില്ല. |

Beenan

സെക്ഷൻ ഓഫീസർ